ദീപിക
09 January 2018

# കൂടുമത്സ്യകൃഷി: മത്സ്യത്തൊഴിലാളികൾക്കു വിദഗ്ധ പരിശീലനം

**കൊച്ചി:** കടലിൽ കൂടുമത്സ്യകൃഷി സമ്പ്രദായം വികസിപ്പിക്കുന്നതിന്റെ ആദ്യ പടിയായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നു. സിഎംഎഫ്ആർഐയുടെ കൊച്ചി കേന്ദ്രത്തിൽ 29 മുതൽ 31 വരെയാണ് പരിശീലനം.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്കു പങ്കെടുക്കാം. കൂടുനിർമാണം, കൃഷി ചെയ്യുന്നതിനുള്ള സ്ഥല നിർണയം, സാമ്പത്തിക ആസൂത്രണം, യോജിച്ച മത്സ്യക്കുഞ്ഞുങ്ങളെ കണ്ടെത്തൽ, പരിപാലനം, തീറ്റ നൽകൽ, വിളവെടുപ്പ് തുടങ്ങിയ മേഖലകളിലാണു പരിശീലനം നൽകുക. കൊച്ചി കേന്ദ്രത്തിലെ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്കു യാത്രാ ചെലവും ഭക്ഷണവും നൽകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 മത്സ്യത്തൊഴിലാളികൾക്കാണു പരിശീലനം ലഭിക്കുക.

പങ്കെടുക്കാൻ താത്പര്യമുള്ളവർ 20ന് മുമ്പായി 0484 2394867 (283 എക്സ്റ്റൻഷൻ) എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണം. രാജ്യത്തെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലെയും മത്സ്യത്തൊഴിലാളികളെ ഉപയോഗപ്പെടുത്തി സമീപഭാവിയിൽ കടൽ കൂടുകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണു പരിശീലനം. ഹൈദരാബാദ് ആസ്ഥാനമായ നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ (എൻഎഫ്ഡിബി) സാമ്പത്തിക സഹായത്തോടെയാണു പദ്ധതി നടത്തുന്നത്.

പരിശീലനം പൂർത്തിയാക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സിഎംഎഫ്ആർഐ ഔദ്യോഗിക അംഗീകാര പത്രങ്ങൾ നൽകും. സിഎംഎഫ്ആർഐയുടെ മാരികൾച്ചർ വിഭാഗത്തിന്റെ നേതൃത്വത്തിൽ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും പ്രത്യേകമായാണു സമഗ്ര പരിശീലന പരിപാടികൾ നടത്തുന്നത്.



കടലിൽ നടത്തുന്ന കൂടുമത്സ്യകൃഷിയുടെ ദൃശ്യം.